**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4381** **19.10.2011-ൽ മറുപടിയ്ക്ക്**

**തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. പുരുഷൻ കടലുണ്ടി :**<br>**ശ്രീമതി. കെ.എസ്.സലീഖ :**<br>**ശ്രീ.ആർ. സെൽവരാജ് :**<br>**ശ്രീ.ആർ. രാജേഷ് :** | **ശ്രീ. കെ.പി. മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)** |
| (എ) തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (എ) നാളികേര വികസനബോർഡും, കൃഷി വകുപ്പും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് തെങ്ങു കൃഷി പുനരുദ്ധാരണ പദ്ധതി. 474.514 കോടി രൂപ കേന്ദ്ര സബ്സിഡിയായുള്ള പദ്ധതി പൂർണ്ണമായും കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കാറ്റുവീഴ്ച രോഗം ബാധിച്ചതും, ഉത്പാദനക്ഷമത തീരെ കുറഞ്ഞതുമായ 143.4 ലക്ഷം തെങ്ങുകൾ വെട്ടിമാറ്റുക. 1.33 ലക്ഷം ഹെക്ടർ തെങ്ങിൻ തോട്ടങ്ങൾ പുനരുദ്ധരിക്കുക, 71.7 ലക്ഷം തെങ്ങിൻ തൈകൾ പുതുതായി വച്ചു പിടിപ്പിക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യം. |
| (ബി) എന്തു തുകയാണ് ഇതിനായി ചെലവഴിക്കുന്നത് ; ഏതെല്ലാം ജില്ലകളിലാണ് ഇത് നടപ്പാക്കുന്നത് ; | (ബി) 474.514 കോടി രൂപയാണ് സബ്സിഡിയായി പദ്ധതിക്ക് വക കൊള്ളിച്ചിട്ടുള്ളത്. പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ 2009-10 മുതൽ 2012-13 വരെയുള്ള കാലയളവിൽ പദ്ധതി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഒന്നാം ഘട്ടത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിലും കൂടി 9 ബ്ലോക്കുകളിൽ പദ്ധതി നടപ്പിലാക്കി. കാറ്റു വീഴ്ചരോഗം ബാധിച്ചതും, ഉത്പാദനക്ഷമത കുറഞ്ഞതുമായ 6.50 ലക്ഷം തെങ്ങുകൾ 25.06 കോടി രൂപ സബ്സിഡിയായി നൽകി വെട്ടി മാറ്റിയിട്ടുണ്ട്. മെച്ചപ്പെട്ട വിള പരിപാലനത്തിനായി പ്രസ്തുത പ്രദേശങ്ങളിൽ 13.25 കോടി രൂപ ചെലവാക്കുകയും |

ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായ 66605 തെങ്ങിൻ തൈകൾ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ 2010-ൽ കർഷകർക്കു വിതരണം ചെയ്തിട്ടുണ്ട്. സബ്സിഡി ഇനത്തിൽ 38.31 കോടി രൂപ ഇതുവരെ ചെലവാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഇതേ മൂന്നു ജില്ലകളിലും കൂടി 13 ബ്ലോക്കുകളിലായി പദ്ധതി നടത്തിപ്പ് പുരോഗമിച്ചു വരുന്നു.

(സി) പ്രസ്തുത പദ്ധതിയിൽ ആലപ്പുഴ ജില്ലയെ പരിഗണിക്കാതിരുന്നത് എന്തുകൊണ്ടാണ് ;

(ഡി) തെങ്ങു കൃഷി കേന്ദ്രങ്ങളിൽ ഒന്നായ ആലപ്പുഴയെക്കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

**(സി) ആന്റ് (ഡി)**

ഈ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിലാണ് 3 ജില്ലകൾക്ക് ഇപ്പോൾ അനുവദിച്ചിരിക്കുന്നത്. ഇതിന്റെ നടത്തിപ്പ് വിലയിരുത്തിയതിനുശേഷം ആലപ്പുഴയുൾപ്പെടെയുള്ള മറ്റു ജില്ലകളിൽ പദ്ധതി വ്യാപിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളാനാണ് കേന്ദ്ര ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

R. R. Bdige

സെക്ഷൻ ഓഫീസർ